# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). 78 -ാം സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ രാജ്യം. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

India Celebrating 78th Independence Day. Prime Minister Narendra Modi hoisted the national flag at the iconic Red Fort and address the nation.

2) രാജ്യ ശാക്തീകരണത്തിനുള്ള പരിഷ്കരണങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 140 കോടി ജനങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ 2047 ഓടെ വികസിത ഭാരതം എന്ന സ്വപ്നം കൈവരിക്കാനാകുമെന്ന് പ്രധാനമന്ത്രി.

Prime Minister Narendra Modi said that the government is committed to implementing reforms for the empowerment of the country.
The Prime Minister said that India will become 'Viksit Bharat' by 2047 if the 140 crore people of the country move together in one direction.

3) കേരളത്തിലും സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിക്കുന്നു. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

Independence Day is being celebrated across in Kerala. Chief Minister Pinarayi Vijayan inaugurated State level function in Thiruvananthapuram.

4) വയനാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങളിൽ തിരച്ചിൽ തുടരുമെന്ന് മന്ത്രി കെ രാജൻ. ചാലിയാറിൽ മൺതിട്ടകൾ കേന്ദ്രീകരിച്ച് തിരച്ചിൽ നടത്തും .

**Minister K Rajan said that search operation will continue in landslide-affected areas of Wayanad. A search will be conducted focusing on earthen mounds in Chaliyar.**

5) **ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ കുരങ്ങ് പനി പടരുന്ന സാഹചര്യത്തിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ലോകാരോഗ്യ സംഘടന.**

**The World Health Organization has declared health emergency following an outbreak of the viral mpox infection in the Democratic Republic of Congo.**

## PM INDEPENDENCE DAY - TAKE 1

രാജ്യത്തെ 140 കോടി ജനങ്ങൾ ദൃഢനിശ്ചയത്തോടെ ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ, എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് 2047 ഓടെ വികസിത ഭാരതം എന്ന സ്വപ്നം കൈവരിക്കാൻ ആകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി,

ന്യൂ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ ദേശീയ പതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചുവപ്പുകോട്ടയിൽ ഒരുക്കിയ ഗാഡ് ഓഫ് ഓണർ പ്രധാനമന്ത്രി പരിശോധിച്ചു. രാഷ്ട്രനിർമ്മാണത്തിനും സംരക്ഷണത്തിനുമായി സമർപ്പിക്കപ്പെട്ട വ്യക്തിത്വങ്ങളെ അഭിവാദ്യം ചെയ്യാനുള്ള അവസരമാണ് ഇതെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. വോക്കൽ ഫോർ ലോക്കൽ പ്രചാരണപരിപാടിയുടെ വിജയത്തിൽ ശ്രീ. മോദി ആഹ്ലാദം പങ്കുവച്ചു. അടുത്തിടെയുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ പ്രധാനമന്ത്രി, രാജ്യം ദുരിതബാധിതരോടൊപ്പമുണ്ടെന്നും വ്യക്തമാക്കി.

## PM INDEPENDENCE DAY - TAKE 2 (INTRO)

രാജ്യത്തെ ശാക്തീകരിക്കാനുള്ള പരിഷ്കരണങ്ങൾ നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. എല്ലാ മേഖലയിലും ആധുനികവത്കരണവും, സാങ്കേതികവിദ്യ അവലംബവും ആവശ്യമാണ്. ബാങ്കിങ് മേഖലയിൽ നടത്തുന്ന പരിഷ്കാരങ്ങളുടെ ഫലമായി, രാജ്യത്തെ ബാങ്കുകൾ ലോകത്തെ മുൻനിര പട്ടികയിലേക്ക് ഉയർന്നു. ഇന്ത്യയെ സുശക്തമാക്കുന്നതിൽ, ബഹിരാകാശ മേഖല നിർണ്ണായകമാണ്, ഇത് മുന്നിൽ കണ്ട് ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണമാണ് സർക്കാർ നടത്തുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ് പിഎം)

കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടെ പത്ത് കോടി സ്ത്രീകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഭാഗമായി, സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചു. സ്വയം സഹായ സംഘങ്ങൾക്ക്, സർക്കാർ ഒൻപത് ലക്ഷം കോടി രൂപ വിതരണം ചെയ്യുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

## PM INDEPENDENCE DAY - TAKE 3

അയൽ രാജ്യങ്ങൾ സമൃദ്ധിയുടെയും സമാധാനത്തിൻറെയും പാതയിലൂടെ സഞ്ചരിക്കണമെന്നാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ബംഗ്ലാദേശിലെ സ്ഥിതിഗതികളിൽ ഇന്ത്യക്ക് ആശങ്കയുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, എത്രയും വേഗം ബംഗ്ലാദേശ് സാധാരണ നിലയിലേക്ക് എത്തട്ടെയെന്ന് പ്രത്യാശിച്ചു. 'ഒരു രാഷ്ട്രം, ഒരു തെരഞ്ഞെടുപ്പ്' നടപ്പിലാക്കാൻ രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് വരണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. രാജ്യത്ത് നിലവിൽ വന്ന പുതിയ ക്രിമിനൽ നിയമങ്ങൾ, ശിക്ഷയേക്കാൾ, പൗരന്മാർക്ക് നീതി നൽകാനാണ് ലക്ഷ്യമിടുന്നത്. മതേതരമായ സിവിൽ നിയമത്തിന്റെ ആവശ്യകതയും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. പ്രതിരോധ മേഖലയിൽ രാജ്യം സ്വാശ്രയത്വം കൈവരിക്കുകയാണെന്നും, പ്രതിരോധ ഉൽപ്പാദന കേന്ദ്രമായി ഇന്ത്യ ഉയർന്നു വരുകയാണെന്നും അദ്ദേഹം പറഞ്ഞു. നിക്ഷേപകരെ ആകർഷിക്കാനും, സദ്ഭരണവും ക്രമസമാധാന നിലയും ഉറപ്പാക്കാനും സംസ്ഥാന സർക്കാരുകൾ വ്യക്തമായ നയങ്ങൾ രൂപീകരിക്കണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

## PM INDEPENDENCE DAY TAKE 4 (INTRO)

രാജ്യത്തിനകത്തു നിന്നും, പുറത്തു നിന്നും നിരവധി വെല്ലുവിളികൾ നാം നേരിടുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാഷ്ട്രം പുരോഗതി പ്രാപിക്കുന്നതിനൊപ്പം, ഇത്തരം വെല്ലുവിളികളും വർധിക്കും. എന്നാൽ ഇന്ത്യയുടെ വളർച്ചയിൽ ലോകം ആശങ്കപ്പെടേണ്ടതില്ലെന്നും, നമ്മുടെ വികസനം ആർക്കും ഭീഷണി ഉയർത്തുന്നതല്ലെന്നും പ്രധാനമന്ത്രി

പറഞ്ഞു.
(ഹോൾഡ് വോയിസ്)

മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ, എഴുപത്തിയയ്യായിരം സീറ്റുകൾ അടുത്ത അഞ്ച് വർഷങ്ങളിൽ സൃഷ്ടിക്കും. യുവജനങ്ങളുടെ ആത്മവിശ്വാസം ഊട്ടിയുറപ്പിക്കുന്ന നിരവധി നടപടികൾ കഴിഞ്ഞ ഒരു ദശാബ്ദത്തിൽ സർക്കാർ സ്വീകരിച്ചു. പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത കായികതാരങ്ങളെ പ്രധാനമന്ത്രി അനുമോദിച്ചു. പാരീസിൽ നടക്കുന്ന പാരാലിമ്പിക്സിൽ പങ്കെടുക്കാൻ വലിയൊരു ഇന്ത്യൻ സംഘം ഏതാനും ദിവസങ്ങൾക്കുള്ളിൽ പുറപ്പെടും. 2036 ൽ ഒളിമ്പിക്സിന് ആതിഥ്യമരുളുക എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ തയ്യാറെടുപ്പുകൾ നടന്നു വരുന്നതായും പ്രധാനമന്ത്രി അറിയിച്ചു.

## NATIONAL WAR MEMORIAL PRESIDENT

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ദേശീയ യുദ്ധസ്മാരകത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു പുഷ്പചക്രം സമർപ്പിച്ചു. ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, കര, നാവിക, വ്യോമ സേന മേധാവിമാരും പങ്കെടുത്തു.

## KERALA - INDEPENDENCE

കേരളത്തിലും സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിക്കുന്നു. ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ രാജ്ഭവനിൽ ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയ പതാക ഉയർത്തി നിർവഹിച്ചു. വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യവും മുഖ്യമന്ത്രി സ്വീകരിച്ചു. വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ദുഖകരമായ അന്തരീക്ഷത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യദിനമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## LAKSHADWEEP - ID

സ്വാതന്ത്ര്യ ദിനം ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും വിപുലമായി ആഘോഷിച്ചു. ലക്ഷദ്വീപ് ഭരണകൂടത്തിൻറെ ആഭിമുഖ്യത്തിൽ തലസ്ഥാന ദ്വീപായ കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു. പരേഡിൽ CRPF, Lakshadweep Police, India Reserve Battalion,Police Band, NCC, സ്കൗട്ട്, NSS, Kendriya vidyalaya ഉൾപ്പെടെ 16 ഓളം പ്ലറ്റൂണുകൾ പങ്കെടുത്തു.

## I-DAY UAE

യു എ ഇ യിലെ ഇന്ത്യൻ സമൂഹവും 78 ആം സ്വന്തന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു. അബുദാബിയിലെ ഇന്ത്യൻ എംബസി, ദുബായിലെ കോൺസുലേറ്റ് ജനറൽ കാര്യാലയങ്ങളിലും, വിവിധ എമിറേറ്റുകളിലും ത്രിവർണ പതാക ഉയർത്തി. ഇന്ത്യൻ സ്ഥാനപതിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## കെ രാജൻ - തിരച്ചിൽ

വയനാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങളിൽ തിരിച്ചിൽ തുടരുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. ചാലിയാറിൽ മൺതിട്ടകൾ കേന്ദ്രീകരിച്ച് തിരച്ചിൽ നടത്തും.അധികൃതരെ അറിയിക്കാതെ ആരും തിരച്ചിലിനായി പോവരുതെന്നും റവന്യുമന്ത്രി അഭ്യർത്ഥിച്ചു.

## WHO MPOX

ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ കുരങ്ങ് പനി പടരുന്ന സാഹചര്യത്തിൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ലോകാരോഗ്യ സംഘടന. രോഗവ്യാപനം തടയുന്നതിന് സംയുക്ത അന്താരാഷ്ട്ര പ്രതികരണം അനിവാര്യമാണെന്ന് WHO ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗെബ്രിയേസസ് പറഞ്ഞു. അടിയന്തരമായി 1.5 ദശലക്ഷം

ഡോളർ  അനുവദിച്ചിട്ടുണ്ടെന്നും വരും ദിവസങ്ങളിൽ ഇതിനായി കൂടുതൽ തുക നീക്കിവയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

## WB-PROTEST

പശ്ചിമ ബംഗാളിൽ, വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധ സമരം നടത്തിയവർക്ക് നേരെ ആക്രമണം. പ്രതിഷേധിച്ച ആരോഗ്യ പ്രവർത്തകരെ ഒരു സംഘം ആളുകൾ മർദിക്കുകയായിരുന്നു. ആർ ജി കർ മെഡിക്കൽ കോളേജിനു നേരെയും ഇവർ ആക്രമണം നടത്തി. സംഭവത്തിൽ നിരവധി പോലീസ് ഉദ്യോഗസ്ഥർക്കും പരിക്കേറ്റു. നിരവധി പേരെ പൊലീസ് അറസ്റ്റ് ചെയ്തു. പ്രതിഷേധിച്ചവർക്ക് നേരെയുണ്ടായ ആക്രമണത്തെ ബിജെപിയും മറ്റ് രാഷ്ട്രീയ പാർട്ടികളും ശക്തമായി അപലപിച്ചു.

## RAMSAR LIST

രാജ്യത്ത് മൂന്ന് തണ്ണീർത്തടങ്ങൾ കൂടി റാംസർ പട്ടികയിൽ ഉൾപ്പെടുത്തിയതായി കേന്ദ്ര മന്ത്രി ഭൂപേന്ദ്ര യാദവ് അറിയിച്ചു. തമിഴ്നാട്ടിലെ പക്ഷി സങ്കേതങ്ങളായ നഞ്ജരായൻ, കഴുവേലി എന്നിവയും, മധ്യപ്രദേശിലെ തവ റിസർവോയറുമാണ് പുതുതായി റാംസർ സൈറ്റുകളുടെ പട്ടികയിൽ ചേർത്തത്. ഇതോടെ രാജ്യത്ത് റാംസർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തണ്ണീർ തടങ്ങളുടെ എണ്ണം 85 ആയി.

## RAIN - KERALA

കേരളത്തിൽ ഞായറാഴ്ച വരെ ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് വയനാട്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## INDIAN FISHERMEN

അന്താരാഷ്ട്ര സമുദ്ര അതിർത്തി ലംഘിച്ചതിനെ തുടർന്ന് ശ്രീലങ്കൻ നാവികസേനാ അറസ്റ്റ് ചെയ്ത 17 ഇന്ത്യൻ മൽസ്യത്തൊഴിലാളികളെ തിരികെ നാട്ടിലെത്തിച്ചു. അതിർത്തി ലംഘനത്തിനെ തുടർന്ന് നേരത്തെ അറസ്റ്റ് ചെയ്ത 21 മത്സ്യത്തൊഴിലാളികളെ ഈ മാസം രണ്ടിന് തിരികെ ചെന്നൈയിൽ എത്തിച്ചിരുന്നു.

## SL-PREZ ELECTIONS

ശ്രീലങ്കയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു. കൊളംബോയിലെ ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷനിലാണ് പത്രികകൾ സ്വീകരിക്കുന്നത്. സെപ്റ്റംബർ 21 നാണ് തിരഞ്ഞെടുപ്പ്.

## SIVRAJ SINGH CHOUHAN

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ദേശീയ കീട നിരീക്ഷണ സംവിധാനം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കൃത്യമായ കീടനിയന്ത്രണ ഉപദേശങ്ങൾ നൽകുന്നതിന് സജ്ജമാക്കിയിട്ടുള്ളതാണ് ഈ ഡിജിറ്റൽ സംരംഭം.

## AIBA - Hindenburg report

ഹിൻഡൻബർഗ് റിപ്പോർട്ടുമായി ബന്ധപ്പെട്ട വാർത്തകളിൽ സമഗ്രമായ അന്വേഷണം നടത്തണം എന്ന് ഓൾ ഇന്ത്യ ബാർ അസോസിയേഷൻ. രാജ്യം സാമ്പത്തിക വളർച്ചയും സുസ്ഥിരതയും കൈവരിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ബോധപൂർവം വളർച്ചയെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഹിൻഡൻബർഗ് റിപ്പോർട്ട് എന്നും എ ഐ ബി എ (AIBA) കുറ്റപ്പെടുത്തി.

## IOA-VINESH PHOGAT

പാരിസ് ഒളിമ്പിക്സിൽ 70 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെള്ളി മെഡൽ നൽകണമെന്ന് അഭ്യർത്ഥിച്ച് ഇന്ത്യൻ താരം വിനേഷ് ഫോഗാട്ട് നൽകിയ അപ്പീൽ കായിക തർക്ക പരിഹാര കോടതി തള്ളി.

മത്സരത്തിന്റെ ഫൈനലിന് മുൻപ് നടന്ന ഭാരപരിശോധനയിൽ 100 ഗ്രാം കൂടിയതിനാൽ വിനേഷിനെ അയോഗ്യയാക്കുകയായിരുന്നു. ഇതിനെതിരെയാണ് കോടതിയെ സമീപിച്ചത്. വിധിയിൽ കടുത്ത നിരാശയുണ്ടെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി.ടി.ഉഷ പ്രതികരിച്ചു. വിഷയത്തിലെ മറ്റ് നിയസാധ്യതകളെ കുറിച്ച് ഐ.ഒ.എ പരിശോധിച്ചു വരികയാണെന്നും കായികതാരങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണെന്നും അവർ വ്യക്തമാക്കി.